# *2019-2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട്*

സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോട് ചേർന്ന് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞുവെന്ന സംതൃപ്തിയോടെ നിതിവേദിയുടെ 2019-20 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയാണ്.

## 2019 -വാർഷിക ജനറൽ ബോഡി യോഗം

നിതിവേദിയുടെ പതിനാറാം വാർഷിക ജനറൽ ബോഡി യോഗം 2019 ഏപ്രിൽ 30 ന് കാക്കവയൽ നിതിവേദി ഓഫീസിൽ പ്രസിഡന്റ് അഡ്വ.ഫാ.തോമസ് ജോസഫ് തേരകത്തിന്റെ അധ്യക്ഷതയിൽ നടന്നു. യോഗത്തിൽ 32 അംഗങ്ങൾ പങ്കെടുത്തു. നിതിവേദി ജോയിന്റ് സെക്രട്ടറി ഫ്ളയ്സി ജോസ് അവതരിപ്പിച്ച 2018-19 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ അഡ്വ. ജോമോൾ ജോയി അവതരിപ്പിച്ച കണക്കും 2019-20 വർഷത്തെ ബഡ്ജറ്റും യോഗം പാസ്സാക്കി.

തൊടുപുഴയിലെ കേസുകൾ കൈകാര്യം ചെയ്യാൻ സി.ജോസിയയുടെ ഓഫീസിൽ സൗകര്യം ഏർപ്പെടുത്തിയതായി ഫാ.സ്റ്റീഫൻ മാത്യു അറിയിച്ചു. നിതിവേദി ഇന്റേർണൽ കംപ്ലയ്ന്റ് കമ്മറ്റി നാല് മാസത്തിൽ ഒരിക്കൽ കൂടാൻ തീരുമാനിച്ചു. നിതിവേദി പ്രോജക്ട് മോണിറ്ററിംഗിനായി ഫാ.സ്റ്റീഫൻ മാത്യു, ശ്രീ.കെ.ഐ തോമസ് സാർ എന്നിവരെ ചുമതലപ്പെടുത്തി. ആദിവാസി കുട്ടികൾക്കായുള്ള കനൽ ക്യാമ്പ് അവധിക്കാലങ്ങളിൽ നടത്താൻ തീരുമാനിച്ചു. മനുഷ്യാവകാശ പ്രശ്നങ്ങളിൽ നിതിവേദി കൂടുതൽ ഇടപെടലുകൾ നടത്തണമെന്നും ധാരണയായി.





## ഗവേർണിംഗ് ബോഡി യോഗങ്ങൾ

2019 ജൂലൈ 11 ന് നടന്ന ഗവേർണിംഗ് ബോഡി യോഗത്തിൽ 8 പേർ പങ്കെടുത്തു. മൂന്ന് മാസത്തെ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. നമ്മുടെ പ്രവർത്തന മേഖലകളിൽ വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്തു. നിതിവേദിയും സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് നസറത്തും തമ്മിലുള്ള കൊളാബറേറ്റീവ് മിനിസ്ട്രി സംബന്ധിച്ച വിശദാംശങ്ങൾ ചർച്ച ചെയ്ത് തീരുമാനിച്ചു.

- **നിയമസഹായം**

ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവർക്ക് സൗജന്യ നിയമസഹായം നൽകുന്നതിനും കോടതിക്കു പുറമെ മീഡിയേഷനിലൂടെ പ്രശ്നപരിഹാര സാധ്യതകൾ തേടുന്നതിനുമായി മൂന്ന് അഭിഭാഷകരുടെ സഹായം ലഭ്യമായിരുന്നു. മുഖ്യമന്ത്രി, മന്ത്രിമാർ, ജില്ലാകളക്ടർമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനാധികാരികൾ, പട്ടിക വർഗ്ഗ/റവന്യൂ വകുപ്

ഉദ്യോഗസ്ഥർ, പോലീസ് അധികാരികൾ തുടങ്ങിയവർക്ക് ഈ വർഷം ഒട്ടേറെ പരാതികൾ നൽകുകയുണ്ടായി.

- **സേവനദാതാവ്**

സേവനദാതാവ് എന്ന നിലയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി നിതിവേദി വളരെയധികം സമയം ചെലവഴിക്കുകയുണ്ടായി. ഗാർഹിക അതിക്രമങ്ങൾ സംബന്ധിച്ച് ഈ വർഷം ലഭിച്ച 57 പരാതികളിൽ നിതിവേദി ഇടപെടൽ നടത്തി. കോടതിയിൽ കേസ് എത്തിക്കാതെ ബന്ധപ്പെട്ടവരെ വിളിച്ച് കൗൺസിലിംഗിലൂടെയും മധ്യസ്ഥ ചർച്ചകളിലൂടെയും ഒത്തൊരുമിച്ച് പോകുന്നതിന് വേണ്ട നടപടികൾക്കാണ് ഊന്നൽ കൊടുത്തത്. ലീഗൽ കൗൺസിലറായി അഡ്വ. ജോമോൾ ജോയി പ്രവർത്തിച്ചുവരുന്നു. 2019 മെയ് 28 ന് നിതിവേദി ഓഫീസിൽ വെച്ച് സോഷ്യൽ വെൽഫെയർ ബോർഡിന്റെ കീഴിലെ സേവനദാതാവായ നിതിവേദിയിലെ സബ്കമ്മറ്റി മീറ്റിംഗ് നടത്തി.



- **പരിഹാര**

കഴിഞ്ഞ പ്രവർത്തന വർഷത്തിൽ കൽപ്പറ്റയിൽ പാർട്ട് ടൈം കൗൺസിലറായ സീന സെബാസ്റ്റ്യാൻ 92 പേർക്ക് ഓഫീസിൽ വെച്ച് കൗൺസിലിംഗ് നൽകി.

- **ലീഗൽ ക്ലിനിക്കുകൾ**

വയനാട്ടിലെ തരിയോട്, കണിയാമ്പറ്റ, മാനന്തവാടി, പനമരം, ബത്തേരി, തൊണ്ടർനാട്, മീനങ്ങാടി എന്നിവിടങ്ങളിൽ ലീഗൽ ക്ലിനിക്കുകൾ നടത്തി. 96 പരാതികൾ ലഭിച്ചു. ലഭിച്ച പരാതികളിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

- **നിയമവിശേഷം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയിലൂടെ നിയമങ്ങൾ സംബന്ധിച്ചുള്ള വാർത്തകൾ ജനങ്ങളിലെത്തിക്കുക എന്ന ആശയവുമായി ആരംഭിച്ചതാണ് നിയമവിശേഷം. പത്രങ്ങളിലും നിയമപ്രസിദ്ധീകരണങ്ങളിലും വരുന്ന ഉത്തരവുകൾ സംബന്ധിച്ച വാർത്തകളാണ് മുഖ്യമായും അവതരിപ്പിച്ചത്. ഈ വർഷം 2 പരിപാടികൾ അവതരിപ്പിച്ചു. നിതിവേദിയുടെ അഭിഭാഷക അഡ്വ.ജോമോൾ ജോയിയാണ് ഈ പരിപാടി അവതരിപ്പിച്ചു.



- <u>നിയമബോധവത്ക്കരണ സെമിനാറുകൾ</u>

നസറത്ത് സിസ്റ്റേഴ്സിന്റെയും നിതിവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ വിവിധ അംഗൺവാടികളുടെയും പഞ്ചായത്തുകളുടെയും, കുടുംബശ്രീകളുടെയും സഹായത്തോടെ പട്ടികവർഗ്ഗ പീഡന നിരോധന നിയമം, സ്ത്രീ-സൗഹൃദ നിയമങ്ങൾ, പോക്സോ, ഊരുകൂട്ടം, വിദ്യാഭ്യാസ അവകാശ നിയമം, കൗമാര പ്രശ്നങ്ങൾ, വനാവകാശ നിയമം തുടങ്ങിയ വിഷയങ്ങളിൽ 92 ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി. ക്ലാസ്സുകളിൽ 2584 പേർ പങ്കെടുത്തു. അഡ്വ. ജോമോൾ ജോയ്, ശ്രീ. ജെയിംസ് തോമസ്, വത്സാ ദേവസ്യ, ബിൻസി വർഗ്ഗീസ്, സോണിയ, ബിന്ദു, രാജഗോപാൽ, ചിത്ര, അസ്മ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.



- <u>അന്തർദേശീയ മനുഷ്യാവകാശ ദിനാചരണം</u>

2019 ഡിസംബർ 10 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് നിതിവേദി പീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ മനുഷ്യാവകാശ ദിനാചരണം നടത്തി. ജില്ലാ പീസ് ഫോറം കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ. ഐ തോമസ് അദ്ധ്യക്ഷത വഹിച്ച യോഗം വൈസ് ചെയർമാനും ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കാര്യ മെമ്പറുമായ കെ മിനി ഉദ്ഘാടനം ചെയ്തു. സുലോചനാ രാമകൃഷ്ണൻ, ബഷീറ, ലക്ഷ്മണൻ മാസ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ചു. നിതിവേദി പ്രസിഡന്റ് ഡോ.തോമസ് ജോസഫ് 'മനുഷ്യാവകാശവും സമാധാന നിർമ്മിതിയും' എന്ന വിഷയം അവതരിപ്പിച്ചു. കൺവീനർ ശ്രീ. ശശിധരൻ ഏവർക്കും നന്ദി പറഞ്ഞു. 48 പേർ ദിനാചരണത്തിൽ പങ്കെടുത്തു.





- <u>അന്തർദേശീയ വനിതാ ദിനാചരണം</u>

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെയും നിതിവേദിയുടെയുടെയും ആഭിമുഖ്യത്തിൽ 2020 മാർച്ച് 4-ാം തിയ്യതി ലക്കിടിയിലുള്ള ഓറിയന്റൽ കോളേജിലും 2020 മാർച്ച് 9-ാം തിയ്യതി സുൽത്താൻ ബത്തേരിയിലുള്ള ഡോൺബോസ്കോ കോളേജിലും വെച്ച് "സ്ത്രീകളുടെ അവകാശ ത്തിന് തലമുറകളുടെ തുല്യത" എന്ന വിഷയത്തെ സംബന്ധിച്ച സെമിനാർ സംഘടിപ്പിച്ചു. ഓറിയന്റൽ കോളേജിൽ 76 പേരും ഡോൺബോസ്കോ കോളേജിൽ 60 പേരും പങ്കെടുത്തു. അഡ്വ.ജോമോൾ ജോയി ക്ലാസ്സുകൾ നയിച്ചു.





- <u>ഉണർവ്വ് - ആദിവാസി പഠനക്കളരി</u>

എസ് സി എൻ സിസ്റ്റേഴ്സിന്റെ സാമ്പത്തിക സഹായത്തോടെ നിതിവേദിയുടെ ആഭിമുഖ്യത്തിൽ 2019-20 വർഷത്തിൽ 5 ഉണർവ്വ് പഠനക്കളരികൾ നടന്നുവന്നിരുന്നു. ഈ പഠനകളരികളിൽ കൂടി 125 കുട്ടികൾക്ക് പഠനസഹായം നൽകാൻ നമുക്ക് സാധിച്ചു. പഠനക്കളരികളിൽ സ്ഥിരമായി വന്നുകൊണ്ടിരുന്ന കുട്ടികളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകുന്നതായി വിലയിരുത്തപ്പെട്ടു. 2019 മെയ് മാസത്തിൽ എല്ലാ ഊരുകളിലും രക്ഷിതാക്കളുടെ മീറ്റിംഗുകൾ സംഘടിപ്പി

ച്ചു. നീതിവേദി ഓഫീസിൽ വെച്ച് പഠനകളരിയിലെ ടീച്ചർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചു. എല്ലാ മാസവും നീതിവേദി ഓഫീസിൽ വെച്ച് പഠനകളരികളുടെ വിലയിരുത്തൽ നടത്തപ്പെട്ടിരുന്നു. 2020 മാർച്ച് 15 ന് ഉണർവ്വ് അദ്ധ്യാപകരുടെ വിലയിരുത്തലും സെന്റ്ഓഫും നൽകി.





- **<u>കനൽ</u>**

ആദിവാസി കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും നേതൃത്വനിരയിലേക്ക് അവരെ വളർത്തുന്നതിനുമായി 2019 സെപ്റ്റംബർ 13,14 തിയ്യതികളിലും ഒക്ടോബർ 12,13 തിയ്യതികളിലും കനൽ ക്യാമ്പുകൾ നടത്തി. തിരഞ്ഞെടുക്കപ്പെട്ട 50 കുട്ടികളാണ് ക്യാമ്പുകളിൽ പങ്കെടുത്തത്. ആദിവാസി യുവജനങ്ങളാണ് കനൽ പരിപാടിക്ക് നേതൃത്വം നൽകിയത്. ഡാൻസ്, പ്രസംഗം, അഭിനയം, നാടൻപാട്ടുകൾ, ചെണ്ട,തുടി എന്നിവയിൽ വിദഗ്ധരായവരുടെ പരിശീലനം നൽകി. കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനായി കലാസന്ധ്യ നടത്തി.






- **<u>യൂത്ത് ക്ലബ്</u>**

നീതിവേദി ഫീൽഡ് സ്റ്റാഫ് അംഗങ്ങളുടെയും പാരാലീഗൽ കോ-ഓർഡിനേറ്ററുടെയും നേതൃത്വത്തിൽ വയനാട്, നിലമ്പൂർ മേഖലകളിലായി 18 യൂത്ത് ക്ലബുകൾ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു. 464 യുവജനങ്ങളാണ് ക്ലബുകളിൽ അംഗങ്ങളായിട്ടുള്ളത്. യൂത്ത്ക്ലബുകൾക്ക് കായിക വിനോദങ്ങൾക്കാവശ്യമായ സാമഗ്രികൾ വിതരണം ചെയ്തു.






- **<u>സ്റ്റുഡന്റ്സ് ഹാർമണി ക്ലബ്</u>**

2019 ജൂലൈ 26 ന് സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് രൂപീകരിക്കുന്നതിന് മുന്നോടിയായി തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്കും നിതിവേദി സ്റ്റാഫ് അംഗങ്ങൾക്കും പരിശീലന പരിപാടി സംഘടിപ്പിച്ചു. വേൾഡ് ഫെല്ലോഷിപ്പ് ഓഫ് ഇന്റർ റിലിജിയസ് കൗൺസിൽ സെക്രട്ടറി ഫാ.റോബി കണ്ണഞ്ചിറ, കോ-ഓർഡിനേറ്റർ ശ്രീ ജോളി പവേലിയിൽ, ജിജോ പാലത്തികൽ, ജെബിൻ ജോസ്, ജോർജ്ജ് എന്നിവരും അഡ്വ.ഫാ.സ്റ്റീഫൻ മാത്യുവും പരിശീലനത്തിന് നേതൃത്വം നൽകി. 36 പേർ പങ്കെടുത്തു.

ജൂലൈ 27 ന് കാക്കവയൽ സ്ക്കൂളിൽ വെച്ച് സ്റ്റുഡന്റ്സ് ഹാർമണി ക്ലബിന്റെ ജില്ലാതല ഉദ്ഘാടന പരിപാടി നടന്നു. ഹെഡ്മിസ്ട്രസ്സ് ശിവകല ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി മിനി കെ ഉദ്ഘാടനം നിർവ്വഹിച്ചു. ഫാ.റോബി കണ്ണഞ്ചിറ മുഖ്യപ്രഭാഷണവും പിറ്റിഎ പ്രതിനിധി ശ്രീ മജീദ്, വാർഡ് മെമ്പർ ശ്രീ ബാലകൃഷ്ണൻ എന്നിവർ ആശംസകളും അർപ്പിച്ചു. ശ്രീമതി ബിന്ദു ടീച്ചർ നിതിവേദി ഡയറക്ടർ എന്നിവർ നേതൃത്വം നൽകി. ഹെഡ്മിസ്ട്രസ്സ് ശിവകല ടീച്ചറും ഹാർമണി ക്ലബ് അംഗങ്ങളും ചേർന്ന് ഹാർമണി ട്രീ നട്ടു. 68 പേർ ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു.

വയനാട് ജില്ലയിൽ 15 സ്റ്റുഡന്റ്സ് ഹാർമണി ക്ലബുകളിലായി 711 വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ പങ്കാളികളായിരുന്നു.










- <u>പ്രശ്ന വിശകലനം</u>

വയനാട്, മലപ്പുറം ജില്ലകളിലെ 18 പഞ്ചായത്തുകളിൽ ആദിവാസികളെയും മറ്റ് പൊതുസമൂഹത്തെയും ബാധിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പ്രശ്നവിശകല പരിപാടി സംഘടിപ്പിച്ചു. പാരാ ലീഗൽ കോ-ഓർഡിനേറ്റർ ശ്രീ.ജെയിംസ് തോമസ് നേതൃത്വം നൽകി.




- <u>പഞ്ചായത്തുതല പീസ് കമ്മറ്റി</u>

തർക്കപരിഹാരവും സമാധാന നിർമ്മിതിയും എന്ന പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽ 21 പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിൽ 4 പഞ്ചായത്തുകളിലും പീസ് കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു. മൂന്ന് മാസത്തിലൊരിക്കൽ പഞ്ചായത്തുതല പീസ് കമ്മറ്റികൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തുവരുന്നു.






- <u>പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം</u>

പഞ്ചായത്തുതല പീസ് കമ്മറ്റി അംഗങ്ങൾക്ക് ബദൽ തർക്കപരിഹാര മാർഗ്ഗങ്ങൾ സംബന്ധിച്ച് ജൂലൈ 18 ന് കൽപ്പറ്റ, ജൂലൈ 22 ന് മാനന്തവാടി, ജൂലൈ 23 ന് ബത്തേരി, ജൂലൈ 30 ന് ചുങ്കത്തറ, സെപ്റ്റംബർ 26 ന് കൽപ്പറ്റ എന്നിവിടങ്ങളിൽ വെച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അഡ്വ.ഫാ. സ്റ്റീഫൻ മാത്യു, ഫ്ളയ്സി ജോസ്, അഡ്വ.ജോമോൾ ജോയി, ശ്രീ.ജെയിംസ് തോമസ് എന്നിവർ നേതൃത്വം നൽകി. 284 പേർ പരിശീലന പരിപാടികളിൽ പങ്കെടുത്തു.




- <u>വയനാട് ജില്ലാ പീസ് ഫോറം</u>

2019 ഒക്ടോബർ 22 ന് കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ജില്ലാ തല പീസ് കമ്മറ്റി രൂപീകരണവും ചർച്ചയും നടന്നു. നിതിവേദി പ്രസിഡന്റ് ഫാ.തോമസ് ജോസഫ് തേരകം പരിപാടി ഉദ്ഘാടനം ചെയ്തു. ഫ്ളയ്സി ജോസ് ആമുഖ സന്ദേശം നൽകി. തുടർന്ന് ചർച്ചകൾ നടന്നു. ചർച്ചകൾക്ക് മോഡറേറ്ററായിരുന്നത് നിതിവേദി ഗവേർണിംഗ് ബോഡി അംഗമായ ശ്രീ കെ.ഐ.തോമസ് സാർ ആയിരു

ന്നു. എക്സിക്യൂട്ടീവ് അംഗങ്ങളെ തിരഞ്ഞെടുത്തു. 46 പേർ പങ്കെടുത്തു. നവംബർ 8 ന് എക്സിക്യൂട്ടീവ് അംഗങ്ങളുടെ മീറ്റിംഗ് നിതിവേദി ഓഫീസിൽ വെച്ച് നടന്നു. ജില്ലാ സമാധാന കമ്മറ്റി ഭാരവാഹികളെ തിരഞ്ഞെടുത്തു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഒരു വാട്ട്സ്ആപ്പ് കൂട്ടായ്മ രൂപീകരിച്ചു.

2019 ഡിസംബർ 10-ാം തിയ്യതി ചേർന്ന ജില്ലാ ഫോറം യോഗത്തിൽ നിതിവേദി പീസ് ഫോറത്തിന്റെ ജില്ലാ-പഞ്ചായത്ത് തല പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ അവതരിപ്പിച്ച് അംഗീകാരം നേടി. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പ്രിന്റ് ചെയ്ത് എല്ലാ പീസ് കമ്മറ്റികളിലും വിതരണം ചെയ്തു.





- <u>വള്ളിയൂർക്കാവും ആദിവാസികളുടെ പങ്കാളിത്തവും സംബന്ധിച്ച പഠനം</u>

വള്ളിയൂർക്കാവും ആദിവാസികളുടെ പങ്കും സംബന്ധിച്ച് ശ്രീ ജിനോയ് അലക്സാണ്ടർ പ്രാഥമിക പഠനം നടത്തുകയുണ്ടായി. വിവിധ ഊരുകളിലെ നേതാക്കളെ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചു. മാർച്ച് 3 ന് ഇത് സംബന്ധിച്ച ഫോക്കസ് ഗ്രൂപ്പ് ചർച്ച നിതിവേദി ഓഫീസിൽ വെച്ച് നടത്തി.

 

- <u>പണിയ-കാട്ടുനായ്ക്ക സമുദായങ്ങളിലെ തർക്കപരിഹാര രീതികൾ സംബന്ധിച്ച പഠനം</u>

പണിയ, കാട്ടുനായ്ക്ക സമുദായങ്ങളിൽ തർക്കപരിഹാരം നടത്തുന്ന രീതികൾ സംബന്ധിച്ച് ശ്രീ ജിനോയ് അലക്സാണ്ടർ പ്രാഥമിക പഠനം നടത്തി. ഇതിന്റെ ഭാഗമായി വിവിധ ഊരുകളിലെ നേതാക്കളെ സന്ദർശിച്ചു. 2020 ജനുവരി 21 ന് പണിയ സമുദായത്തിന്റെയും ഫെബ്രുവരി 14 ന് കാട്ടുനായ്ക്ക സമുദായത്തിന്റെയും നേതാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ ലഭ്യമായ വിവരങ്ങൾ പങ്കുവെച്ചു.

 

- <u>ജില്ലാതല സമാധാന ദിനാചരണം</u>

മഹാത്മാഗാന്ധിയുടെ 150-ാം ജന്മ വാർഷികാഘോഷത്തിന്റെ ഭാഗമായി നീതിവേദിയുടെ ആഭിമുഖ്യത്തിൽ വിവിധ തലങ്ങളിൽ സമാധാനത്തിനുവേണ്ടി യത്നിക്കുന്ന പ്രവർത്തകർ, യുവജനങ്ങൾ, കുട്ടികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് 2020 ജനുവരി 25-ാം തിയ്യതി ശനിയാഴ്ച കൽപ്പറ്റ മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് സമാധാന ദിനാചരണം നടത്തി.

ജാതി-മത-രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി എല്ലാവരും സൗഹൃദത്തോടെ സഹവസിക്കുന്ന സമൂഹസൃഷ്ടിക്കുവേണ്ടി യത്നിക്കാൻ ഏവരേയും ആഹ്വാനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. നീതിവേദി പ്രസിഡന്റ് ഡോ.തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ച യോഗം കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ ശ്രീ സി.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ.ബി നസീമ, കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷാ തമ്പി, ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ.ഐ തോമസ്, വൈസ് ചെയർപേഴ്സൺ ശ്രീമതി സുലോചനാ രാമകൃഷ്ണൻ, ജനറൽ കൺവീനർ ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ, ജില്ലാ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി കെ.മിനി എന്നിവർ ആശംസകൾ നേർന്നു.

'സമാധാന സമൂഹ സൃഷ്ടിക്കായി ശക്തമായ കൂട്ടായ്മ', 'മഹാത്മ ഗാന്ധി-സമാധാനത്തിന്റെ പ്രവാചകൻ' എന്നീ വിഷയങ്ങൾ യഥാക്രമം ശ്രീ ജോസ് പള്ളത്ത്, ശ്രീ മംഗലശ്ശേരി മാധവൻ മാസ്റ്റർ

എന്നിവർ അവതരിപ്പിച്ചു. ശ്രീ ശശി താഴത്തുവയൽ മാജിക് ഷോ യും കുട്ടികൾ വിവിധ കലാപരിപാടികളും അവതരിപ്പിച്ചു. സമാധാന ദിനാചരണത്തിന്റെ ഭാഗമായി നടത്തിയ ചിത്രരചന, കവിതാ രചനാ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. മുന്നൂറ്റി അമ്പതോളം പേർ സമാധാന ദിനാചരണത്തിൽ പങ്കെടുത്തു.









- **<u>യൂത്ത് കോൺഫറൻസ്</u>**

2020 ഫെബ്രുവരി 3,4 തിയ്യതികളിൽ നിതിവേദിയും മേരിമാതാ കോളേജും സംയുക്തമായി യൂത്ത് കോൺഫറൻസ് സംഘടിപ്പിച്ചു. നിതിവേദി പ്രസിഡന്റ് ഏവർക്കും സ്വാഗതം ആശംസിച്ചു. ഫാ.സ്റ്റീഫൻ മാത്യു ആമുഖപ്രസംഗം നടത്തി. മേരി മാതാ കോളേജ് മാനേജർ ഫാ. ജോർജ്ജ് മൈലാടൂർ അദ്ധ്യക്ഷത വഹിച്ച യോഗം മാനന്തവാടി മുനിസിപ്പൽ ചെയർമാൻ ശ്രീ വി.ആർ പ്രവീജ് ഉദ്ഘാടനം ചെയ്തു. മേരി മാതാ കോളേജ് വൈസ് പ്രിൻസിപ്പൽ ശ്രീമതി മേഴ്സി ഇഗ്നേഷ്യസ്, ഫാ.സ്ക്കറിയ കല്ലൂർ എന്നിവർ ആശംസകൾ നേർന്നു.

ഫാ. ബോബി ജോസ് കട്ടിക്കാട്, ഫാ. സ്ക്കറിയ കല്ലൂർ, സി.കരോളിൻ, ഡോ.ജോസ്ലിൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. കപ്പൂച്ചിൻ ബ്രദേഴ്സ് അവതരിപ്പിച്ച മഹാത്മാ ഗാന്ധിയെ സംബന്ധിച്ച തെരുവുനാടകം ഏറെ ശ്രദ്ധേയമായിരുന്നു. 13 കോളേജുകളിൽ നിന്നായി 79 യുവതീ -യുവാക്കൾ പങ്കെടുത്തു. കോളേജുകളിൽ യൂത്ത് പീസ് ക്ലബുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ തുടർച്ചയായി 2020 മാർച്ച് 6, 7 തിയ്യതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിച്ചു. നിതിവേദി ഡയറക്ടർ ഫ്ളയ്സി ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫാ.ബോബി ജോസ് കട്ടിക്കാട് ഉദ്ഘാടനം ചെയ്തു. തിരക്കഥാകൃത്ത് ശ്രീ സഞ്ജയ് മുഖ്യ അതിഥിയായിരുന്നു. ഫാ.ബോബി ജോസ് കട്ടിക്കാട്, ഫാ. സ്ക്കറിയ കല്ലൂർ, സി. കരോളിൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പ്രതിനിധികൾ പങ്കെടുത്ത കോളേജുകളിൽ

ഏകദിന പ്രോഗ്രാമുകൾ നടത്തി കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് യൂത്ത് പീസ് ക്ലബുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. 60 പേർ ക്യാമ്പിൽ പങ്കെടുത്തു.












- **<u>ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം</u>**

2020 ജനുവരി 27 ന് വയനാട് ജില്ലയിലെ ബത്തേരി ലീഗ് ഹൗസിലും ജനുവരി 30 ന് മാനന്തവാടി ട്രൈസം ഹാളിലും വെച്ച് ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടികൾ നടന്നു. ജില്ലയിൽ ആദിവാസി സമൂഹങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥന്മാരുടെ പിന്തുണയും സാധ്യതകളും യോഗം ചർച്ച ചെയ്തു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും ആദിവാസി പക്ഷത്തുനിന്ന് പ്രവർത്തിക്കാനുള്ള പലരുടെയും സന്നദ്ധതയും ഈ ചർച്ചകൾ ഫലപ്രദമാക്കാൻ സഹായിച്ചു. വൈത്തിരി താലൂക്കിലെ പരാതികൾ ശേഖരിച്ച് ഉദ്യോഗസ്ഥർക്ക് നേരിട്ട് നൽകുകയും ചെയ്തു.





- <u>ആദിവാസി പ്രവർത്തകരും പൊതുസമൂഹ പ്രതിനിധികളും തമ്മിലുള്ള സംവാദം</u>

വയനാട്-മലപ്പുറം ജില്ലകളിലെ 17 പഞ്ചായത്തുകളിൽ സംവാദം സംഘടിപ്പിച്ചു. 347 പേർ പങ്കെടുത്തു. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാനും പൊതുസമൂഹത്തിന്റെ പ്രതികരണം അറിയാനും ഈ ചർച്ചകൾ സഹായിച്ചു.



- <u>പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ</u>

2019 ആഗസ്ററ് മാസത്തിൽ വയനാട്- മലപ്പുറം ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നിതിവേദി പ്രവർത്തകർ പ്രളയബാധിതർക്കായി വിവിധ ഇടപെടലുകൾ നടത്തി. നസറത്ത് സിസ്റ്റേഴ്സിന്റെ സഹായത്തോടെ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച പനമരം, കോട്ടത്തറ, തവിഞ്ഞാൽ പഞ്ചായത്തുകളിലെ 50 യുവതീ-യുവാക്കൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കുന്നതിനും 50 വനിതകൾക്ക് സ്വയം തൊഴിൽ സഹായത്തിനും ഭാഗികമായ സാമ്പത്തിക സഹായം നൽകി. പഞ്ചായത്തുതല പീസ് കമ്മറ്റി അംഗങ്ങളുടെ സഹായത്തോടെയാണ് അർഹരായവരെ തിരഞ്ഞെടുത്തത്.





















- <u>ഇഫ്താർ സംഗമം</u>

2019 ജൂൺ 13 ന് പടിഞ്ഞാറത്തറ പീസ്കമ്മറ്റിയുടെ നേതൃത്വത്തിൽ ഇഫ്താർ സംഗമം നടത്തി. വിവിധ സമുദായങ്ങളിൽപ്പെട്ട 95 പേർ പങ്കെടുത്തു. ജെയിംസ് തോമസ്, അസ്മ എന്നിവർ നേതൃത്വം നൽകി.





- <u>വന്യമൃഗശല്യം സംബന്ധിച്ച് മീറ്റിംഗ്</u>

ജൂലൈ 17 ന് വേലിയമ്പത്ത് വെച്ച് നടന്ന മീറ്റിംഗിൽ നിതിവേദി പ്രസിഡന്റ് ഫാ.തോമസ് ജോസഫ് തേരകം, ഗവേർണിംഗ് ബോഡി അംഗം ശ്രീ.കെ ഐ തോമസ് എന്നിവർ പങ്കെടുത്തു. ജൂലൈ 19 ന് പുൽപ്പള്ളിയിൽ വെച്ച് നടന്ന യോഗത്തിലും നിതിവേദി പ്രവർത്തകർ പങ്കെടുത്തു.

- <u>സ്റ്റാഫംഗങ്ങൾ</u>

കഴിഞ്ഞ വർഷം നിതിവേദി കൽപ്പറ്റ ഓഫീസിൽ 5 പേരും വയനാട്, മലപ്പുറം ജില്ലകളിലായി 8 ഫീൽഡ് സ്റ്റാഫംഗങ്ങളും പ്രവർത്തിച്ചിരുന്നു. ശ്രീമതി സുമി ഷാജി, ശ്രീമതി സീത ശിവൻ, ശ്രീമതി അസ്മ, എന്നിവർ സ്റ്റാഫംഗങ്ങൾ എന്ന നിലയിലുമുള്ള സേവനം പ്രവർത്തന വർഷത്തിൽ അവസാനിപ്പിച്ചു. ഏവർക്കും നിതിവേദിയുടെ ആത്മാർത്ഥമായ കൃതജ്ഞത അറിയിക്കുന്നു.

- <u>സ്റ്റാഫംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ</u>

2019 ഏപ്രിൽ 4,5, മെയ് 15, ഒക്ടോബർ 18,19 എന്നീ തിയതികളിൽ നിതിവേദി സ്റ്റാഫ് അംഗങ്ങൾക്ക് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഹാപ്പിനെസ് പ്രോഗ്രാം ഏറെ ശ്രദ്ധേയമായിരുന്നു. ശ്രീ. ആംബ്രോസ് ക്രിസ്റ്റി, ഫാ.സ്റ്റീഫൻ മാത്യു, ബ്രദർ അൽബർട്ട് സേവ്യർ, അഡ്വ.ജോമോൾ ജോയി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

2019 മെയ് 1,2, ആഗസ്റ്റ് 26,27,28 തിയ്യതികളിൽ ബാംഗ്ലൂർ വെച്ച് നടന്ന SAP പരിശീലന പരിപാടികളിലും റിവ്യൂ മീറ്റിംഗുകളിലും അഡ്വ.ഫാ. സ്റ്റീഫൻ മാത്യു, ഫ്ളയ്സി ജോസ്, ജെയിംസ് തോമസ് എന്നിവർ പങ്കെടുത്തു. 2019 നവംബർ 26,27,28 തിയ്യതികളിൽ നിതിവേദിയുടെ നേതൃത്വത്തിൽ SAP പ്രതിനിധികൾക്ക് വേണ്ടി ദ്വാരക പാസ്റ്റർ സെന്ററിൽ വെച്ച് പരിശീലന പരിപാടിയും റിവ്യൂ മീറ്റിംഗും സംഘടിപ്പിച്ചു. അതിന്റെ ഭാഗമായി മേപ്പാടി കൈരളി ഊരിൽ ഫീൽഡ് സന്ദർശനം നടത്തുകയും നിതിവേദി ഓഫീസിൽ വെച്ച് സ്റ്റാഫ് അംഗങ്ങളുമായി ചർച്ച നടത്തുകയും ചെയ്തു.

- <u>ന്യൂസ് ബുളളറ്റിൻ</u>

കഴിഞ്ഞ പ്രവർത്തനവർഷത്തിൽ നിതിവേദി ന്യൂസ് ബുള്ളറ്റിന്റെ 1 ലക്കം പ്രസിദ്ധീകരിച്ചു.

## നീതിവേദിയുടെ ഇടപെടലുകൾ വഴി ലഭിച്ച ആനുകൂല്യങ്ങൾ

| നമ്പർ | ആനുകൂല്യങ്ങൾ | വ്യക്തികൾ | തുക |
|---|---|---|---|
| 1 | പെൻഷൻ | 17 | 53,600 |
| 2 | ആദിവാസി വിദ്യാർത്ഥികൾക്കുള്ള എസ്.എസ്.എൽ.സി സ്കോളർഷിപ്പ് | 15 | 60,000 |
| 3 | ആദിവാസി വിദ്യാർത്ഥികൾക്കുള്ള +2 സ്കോളർഷിപ്പ് | 3 | 15,000 |
| 4 | ആദിവാസി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 13 | 2,60,000 |
| 5 | വീട് നിർമ്മാണം | 12 | 54,00,000 |
| 6 | വീട് റിപ്പയറിംഗ് | 18 | 17,73,000 |
| 7 | ആധാർ | 1 | |
| 8 | ചികിത്സാ സഹായം | 30 | 1,25,450 |
| 9 | റേഷൻ കാർഡ് | 5 | |
| 10 | പ്രളയ ദുരിതാശ്വാസം | 303 | 15,30,000 |
| 11 | ഡെത്ത് ഇൻഷുറൻസ് | 1 | 1,00,000 |
| 12 | പ്രസവാനുകൂല്യം | 1 | 30,000 |
| 13 | ഗാർഹിക പീഡനത്തിന' വിധേയരായവർക്ക് ധനസഹായം | 4 | 1,00,000 |
| 14 | മീഡിയേഷൻ വഴി ലഭിച്ച ധനസഹായം | 8 | 9,97,000 |

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| നമ്പർ | പ്രവർത്തനം | കൽഷറ്റ |
|---|---|---|
| 1 | നിതിവേദി ഓഫീസിൽ സഹായം തേടി വന്നവർ | 350 |
| 2 | ഗാർഹിക പീഡന പരാതികൾ | 57 |
| 3 | ഗാർഹിക പീഡന പരാതികൾ പരിഹരിച്ചത് | 47 |
| 4 | പരാതികൾ തയ്യാറാക്കി കൊടുത്തത് | 65 |
| 5 | ലീഗൽ ക്ലിനിക്കുകൾ | 7 |
| 6 | ലീഗൽ ക്ലിനിക്കുകളിൽ പങ്കെടുത്തവർ | 96 |
| 7 | കോടതി മുഖേന ഫയൽ ചെയ്ത കേസുകൾ | 26 |
| 8 | കോടതി മുഖേന പരിഹരിച്ചവ | 10 |
| 9 | കൗൺസിലിംഗ് നൽകിയത് | 92 |
| 10 | കണ്ടെത്തിയ തർക്കവിഷയങ്ങൾ | 299 |
| 11 | സമാധാനപരമായി പരിഹരിച്ച തർക്കങ്ങൾ | 61 |
| 12 | പ്രശ്നവിശകലനം നടത്തിയ പഞ്ചായത്തുകൾ | 18 |
| 13 | നിലവിലുള്ള പഞ്ചായത്ത് തല പീസ് കമ്മറ്റികൾ | 25 |
| 14 | പീസ് കമ്മറ്റി അംഗങ്ങൾ | 731 |
| 15 | ജില്ലാ പീസ് ഫോറം | 1 |
| 16 | ജില്ലാ പീസ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ | 25 |
| 17 | യൂത്ത് ക്ലബുകൾ | 18 |
| 18 | യൂത്ത് ക്ലബ് അംഗങ്ങൾ | 464 |
| 19 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് | 15 |
| 20 | സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് അംഗങ്ങൾ | 711 |
| 21 | പീസ് കമ്മറ്റി അംഗങ്ങൾക്ക് പരിശീലനം | 5 |
| 22 | പീസ് കമ്മറ്റി അംഗങ്ങളുടെ പരിശീലനത്തിൽ പങ്കെടുത്തവർ | 284 |
| 23 | ബോധവത്ക്കരണ ക്ലാസ്സുകൾ | 92 |
| 24 | ബോധവത്ക്കരണ ക്ലാസ്സുകളിൽ പങ്കെടുത്തവർ | 2584 |
| 25 | ആദിവാസി നേതാക്കളും പൊതുസമൂഹവും തമ്മിലുള്ള സംവാദം | 17 |
| 26 | സംവാദത്തിൽ പങ്കെടുത്തവർ | 347 |
| 27 | യൂത്ത് കോൺഫറൻസ് | 2 |
| 28 | യൂത്ത് കോൺഫറൻസിൽ പങ്കെടുത്തവർ | 139 |
| 29 | ഉദ്യോഗസ്ഥരുമായുള്ള മുഖാമുഖം പരിപാടി | 2 |
| 30 | അന്തർദേശീയ വനിതാദിനാചരണത്തിൽ പങ്കെടുത്തവർ | 136 |
| 31 | അന്തർദേശീയ മനുഷ്യാവകാശദിനാചരണത്തിൽ പങ്കെടുത്തവർ | 48 |
| 32 | സമാധാന ദിനാചരണത്തിൽ പങ്കെടുത്തവർ | 350 |
| 33 | സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിശീലനം | 3 |
| 34 | സ്റ്റാഫ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടിയിൽ പങ്കെടുത്തവർ | 14 |
| 35 | യുവതീ- യുവാക്കൾക്ക് സ്കിൽ ട്രെയിനിംഗിന് സഹായം നൽകിയത് | 50 |
| 36 | സ്ത്രീകൾക്ക് സ്വയം തൊഴിൽ സഹായം നൽകിയത് | 50 |
| 37 | റേഡിയോ മാറ്റൊലിയിൽ അവതരിപ്പിച്ച നിയമവിശേഷം പരിപാടികൾ | 2 |
| 38 | ഉണർവ്വ് പഠനകളരികൾ | 5 |
| 39 | ഉണർവ്വ് പഠനകളരികളിൽ പങ്കെടുത്ത കുട്ടികൾ | 125 |
| 40 | കനൽ ക്യാമ്പുകൾ | 2 |
| 41 | കനൽ ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ | 50 |